**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4572** **29-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിലെ കാട്ടാനക്കൂട്ടത്തെ തുരത്തുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനു കീഴിൽ മാസങ്ങളായി തമ്പടിച്ച് കൃഷിക്കാരുടെ കാർഷിക വിളകൾ വ്യാപകമായി നശിപ്പിച്ചു കൊണ്ടിരിക്കുന്ന കാട്ടാനക്കൂട്ടത്തെ തുരത്തുന്നതിന് വകുപ്പ് എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | കാസർഗോഡ് റെയിഞ്ചിന് കീഴിൽ കാട്ടാന പ്രതിരോധ പ്രവർത്തനങ്ങൾക്കായി അഞ്ച് വർഷത്തേക്കുള്ള ഒരു കർമ്മ പദ്ധതി വനം വകുപ്പ് തയ്യാറാക്കി വരുന്നുണ്ട്. കാസർഗോഡ് ഫോറസ്റ്റ് റെയിഞ്ചിനു കീഴിലുള്ള ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ പഞ്ചായത്തുകളിൽ വ്യാപകമായ ആന ശല്യമാണ് 2008 മുതൽ അനുഭവപ്പെട്ടു വരുന്നത്. കാട്ടാനക്കൂട്ടങ്ങൾ 30 കി.മീ. ദൈർഘ്യമുള്ള കർണ്ണാടക അതിർത്തിയിൽ നിന്ന് കേരളത്തിലെ ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിക്കുന്നു. കാസർഗോഡ് ജില്ലയിൽ വനം വകുപ്പിന്റെ നിലവിലെ സ്റ്റാഫിനെ ഉപയോഗിച്ച് വന്യജീവി ആക്രമണങ്ങൾ ഒഴിവാക്കുന്നതിന് സാധിക്കാതെ വന്നിരിക്കുകയാണ്. ഈ സാഹചര്യം കണക്കിലെടുത്ത് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് കാട്ടാന ആക്രമണം തടയുന്നതിന് പഞ്ചായത്ത് ഫണ്ട് വകയിരുത്തുകയും ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് 14.09.2021-ന് ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ എന്നീ പഞ്ചായത്തുകളുടെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവരുടെ യോഗം വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തുകയും, അടിയന്തിരമായി വനം വകുപ്പ് ഉദ്യോഗസ്ഥരെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി ദ്രുതകർമ്മസേന ഉണ്ടാക്കി ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങിയ കാട്ടാനകളെ തുരത്തുന്നതിന് തീരുമാനിക്കുകയും ഇതിനായി ഫണ്ട് അനുവദിക്കുന്നതിന് തീരുമാനം എടുക്കുകയുമുണ്ടായി. ഇതിലേക്കായി അടിയന്തിരമായി 10 ലക്ഷം രൂപ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് വനം വകുപ്പിന് കൈമാറുന്നതിന് തീരുമാനിക്കുകയും ഈ 10 ലക്ഷം രൂപ കാസർഗോഡ് വനവികാസ ഏജൻസി വഴി പ്രദേശവാസികൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ട ദ്രുതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാനകളെ തുരത്തുന്നതിന് കാര്യക്ഷമതയുള്ള തദ്ദേശീയരായ 21 ആളുകളെ വനം വകുപ്പ് ഉദ്യോഗസ്ഥർ തിരഞ്ഞെടുക്കുകയും അവർക്ക് പരിശീലനം നൽകി ഇവരുടെ സഹായത്തോടെ ഒമ്പത് കാട്ടാനകളെ കർണ്ണാടക അതിർത്തി വരെ തുരത്തുകയും ചെയ്തിട്ടുണ്ട്. കാട്ടാന ആക്രമണം തടയുന്നതിനായി പ്രദേശവാസികൾ ഉൾപ്പെട്ട കർമ്മ സേനയും വനം വകുപ്പ് ഉദ്യോഗസ്ഥരും ആർ.ആർ.ടി. അംഗങ്ങളും കേരള-കർണ്ണാടക അതിർത്തിയിൽ ക്യാമ്പ് ചെയ്യുന്നുണ്ട്. കൂടാതെ വിവിധ പദ്ധതികൾ വഴി കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് 2 കോടി രൂപ ആന പ്രതിരോധ പ്രവർത്തനങ്ങൾക്ക് നീക്കി വെക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. ഇതിനായി കാസർഗോഡ് വനവികാസ ഏജൻസി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ